(ബി)

കോർപ്പറേഷൻ	സ്ഥിരം ജീവനക്കാർ	താൽക്കാലിക ജീവനക്കാർ
കൊച്ചി	562	631
കോഴിക്കോട്	463	8
തൃശ്ശൂർ	294	42
കൊല്ലം	287	18
തിരുവനന്തപുരം	677	409

(സി) കോർപ്പറേഷൻ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ല.

(ഡി) നിലവിൽ കോർപ്പറേഷനുകളിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ സെക്രട്ടറിമാരായി ജോലി ചെയ്യുന്നില്ല.

(ഇ) എല്ലാ കോർപ്പറേഷനുകളിലും ഐ.എ.എസ്. ഉദ്യോഗസ്ഥരെ സെക്രട്ടറിമാരായി നിയമിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

നഗരസഭകൾക്ക് വൈ-ഫൈ സംവിധാനം

113 (4148) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത നഗരസഭകൾക്ക് വൈ-ഫൈ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് നഗരസഭകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) വിനോദസഞ്ചാര കേന്ദ്രമായ കൽപ്പറ്റ മുനിസിപ്പാലിറ്റിയെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) നഗരസഭകളിൽ വൈ-ഫൈ സംവിധാനം ഏർപ്പെടുത്തുന്നതിനായി സർക്കാർ തലത്തിൽ പ്രത്യേകിച്ച് പദ്ധതിയൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ,

LIBRARY ARCHIVES Kerala Legislative Assembly

നഗരസഭകൾ ഇതിലേക്കായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് തടസ്സമില്ല. മലപ്പുറം പോലുള്ള ചില നഗരസഭകൾ ഇത്തരത്തിൽ വൈ-ഫൈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരം നഗരസഭ ചേരി നിർമ്മാർജ്ജന പദ്ധതി

114 (4149) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭ ചേരി നിർമ്മാർജ്ജന പദ്ധതി നടപ്പാക്കിയതിൽ വ്യാപക ക്രമക്കേട് നടന്നിട്ടുള്ളതായ സി.&എ.ജി.-യുടെ റിപ്പോർട്ടിലെ വെളിപ്പെടുത്തൽ സംബന്ധിച്ച വിശദവിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ബി) ഡി. പി. ആറിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ എല്ലാം നടപ്പാക്കാതിരുന്നതുമൂലം പ്രയോജനം ലഭിക്കാതായ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ കാര്യത്തിൽ എന്തെങ്കിലും സഹായപദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആരൊക്കെയാണെന്ന് കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. ഡി.പി.ആർ. പ്രകാരമുള്ള ഗുണഭോക്തൃ പട്ടികയിലെ ഭൂരിപക്ഷം ആളുകൾക്കും ആനുകൂല്യം ലഭിച്ചിട്ടില്ല എന്നതാണ് സി. ആന്റ് എ.ജി.-യുടെ കണ്ടെത്തൽ. തിരുവനന്തപുരം നഗരസഭ നടത്തിവരുന്ന ബി.എസ്.യു.പി. പദ്ധതി നിർവ്വഹണം പുരോഗമിക്കുമ്പോൾ ഗുണഭോക്താക്കളിൽ ചിലർക്ക് പല കാരണങ്ങളാൽ (മതിയായ രേഖകളുടെ കുറവ്, ധനസഹായത്തിലെ അപര്യാപ്തത, വസ്തുകൈമാറ്റം ചെയ്യേണ്ട ആവശ്യകത) മതിയായ രേഖകൾ ഹാജരാക്കി ധനസഹായം കൈപ്പറ്റാൻ കഴിയാത്ത സ്ഥിതിയുണ്ടാകുകയും ദുർബ്ബല വിഭാഗത്തിൽ പെടുന്നവർ ധാരാളം പേർ ശേഷിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഗുണഭോക്തൃ പട്ടിക പുതുക്കി തയ്യാറാക്കേണ്ടതായി വന്നിട്ടുണ്ട്. പ്രസ്തുത മാറ്റങ്ങൾ ബി.എസ്.യു.പി. പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ സാധൂകരണത്തിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചു വരുന്നു.

(ബി) 2022 വർഷത്തോടുകൂടി "എല്ലാവർക്കും ഭവനം" എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്രസർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഹൗസിംഗ് ഫോർ ആൾ (അർബൻ) എന്ന പദ്ധതിയുടെ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ മാനദണ്ഡങ്ങൾ ക്രമാനുസൃതമായി ഗുണഭോക്താക്കളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly